# കേരള സർക്കാർ

## സംസ്ഥാന ഓഡിറ്റ് വകുപ്പ്
www.lfa.kerala.gov.in

# മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
website : www.ksad.kerala.gov.in
e-mail:doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെഎസ്എ-ഇകെഎം(BP)341/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്-68203
ഫോൺ : 0484 2422271
ഇ മെയിൽ : doekm.ksad@kerala.gov.in
തീയതി : 13.03.2019

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുളന്തുരുത്തി ബ്ലോക്ക്പഞ്ചായത്ത്.

സർ,

വിഷയം :- മുളന്തുരുത്തി ബ്ലോക്ക്പഞ്ചായത്ത്- 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുളന്തുരുത്തി ബ്ലോക്ക്പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെയും ഭാഗം 3 ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ),എറണാകുളം.
3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-ഇ.കെ.എം(BP)341/2019 തീയതി :13.03.2019

# എറണാകുളം ജില്ലയിലെ മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ 215(4), 1994 *വകുപ്പ് നിയമംലെ കേരളാ പഞ്ചായത്ത് രാജ് - വകുപ്പ് കേരളാലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം നിയമം-വകുപ്പ്* 13,1996 *ലെ കേരളാ ലോക്കൽ ഫണ്ട്ചട്ടങ്ങളിലെ ചട്ടം* 18, *എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്* )

എറണാകുളം ജില്ലയിലെ മുളന്തുരുത്തി ബ്ലോക്ക്പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2017 മുതൽ 31.12.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 4അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | മിനിമോൾകെ ജി, ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 15.02.2019 മുതൽ 21.02.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.റസിയ ബീവി ജെ, ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ഷഫീക്ക് എം .സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ജോർജ് കുട്ടി |

| | |
|---|---|
| | ജോസഫ്,സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് | |
|---|---|---|---|
| പ്രസിഡന്റ് | | മുതൽ | വരെ |
| | ശ്രീമതി.ജയസോമൻ | 01.04.2017 | 31.03.2018 |
| സെക്രട്ടറി | ശ്രീ.ബൈജു റ്റി .പോൾ | 1.04.2017 | 16-7-.2017 |
| | ശ്രീമതി സോണിയ കെ.ആർ | 17.07.2017 | 27.09.2017 |
| | ശ്രീ ഗൗതമൻ.റ്റി.സത്യപാൽ | 28.09.2017 | 31.3.2018 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| | | | |
|---|---|---|---|
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ. നമ്പൂതിരി എ.എൻ | 01.04.2017 | 31.03.2018 |
| അസിസ്റ്റന്റ് കൃഷി ഡയറക്ടർ | ശ്രീമതി. ബിജി തോമസ് | 01.04.2017 | 31.03.2018 |
| പട്ടികജാതി വികസന ഓഫീസർ | ശ്രീമതി.ബിന്ദു.വി | 01.04.2017 | 03.01.2018 |
| | ശ്രീമതി. ലിജി ആന്റണി | 04.01.18 | 31.03.2018 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി. സൂസി | 01.04.2017 | 15.07.2017 |
| | ശ്രീമതി.നിഷ വി ഷെറീഫ് | 20.07.2017 | 31.03.2018 |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി,മുളന്തുരുത്തി | ഡോ. ഷാജി | 01.04.2017 | 31.03.2018 |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി,കീച്ചേരി | ഡോ. വിപിൻമോഹൻ | 01.04.2017 | 6.03.2018 |
| | ഡോ.സീന എൻ.എസ് | 07.03.2018 | 31.03.2018 |
| മെഡിക്കൽ ഓഫീസർ, | ഡോ സലിം കെ | 01.04.2017 | 31.03.2018 |

| | | | |
|---|---|---|---|
| സി.എച്ച്.സി, പൂത്തോട്ട | വി | | |
| ചൈൽഡ് ഡെവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ | ശ്രീമതി. രഞ്ജിനി | 01.04.2017 | 02.07.2017 |
| | ശ്രീമതി.നമിത | 03.07.2017 | 31.03.2018 |
| വ്യവസായവികസന ഓഫീസർ | ശ്രീ വിനോദ് കുമാർ.എ | 01.04.2017 | 31.03.2018 |
| സീനിയർ വെറ്റിനറി സർജൻ | ഡേ.സാനി.എം | 1.04.2017 | 12.06.2017 (പൂർവ്വാഹ്നം) |
| | ഡേ.സിന്ധു.ബി | 12.06.2017 (അപരാഹ്നം) | 16.07.2017 |
| | ഡേ,സുമൻപി ഐസക്ക് | 17.07-17 | 31.03.2018 |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 8 | ആഭ്യന്തരനിയന്ത്രണം | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 10 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ | 1-10 |
| | ഭാഗം 2 വരവ് കണക്കുകളിൽ മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |

| | | |
|---|---|---|
| 10 | അക്കൗണ്ടുകളുടെ പ്രതിമാസ റെക്കൺസിലിയേഷൻ നടത്തുന്നില്ല. | 2-1 |
| 11 | വാടക സംബന്ധമായ രജിസ്റ്ററുകളും രേഖകളും കൃത്യമായി സൂക്ഷിക്കുന്നില്ല. | 2-2 |
| 12 | കെട്ടിട വാടക – വാടക കൃത്യമായി ഒടുക്കുന്നില്ല. | 2-3 |
| | ഭാഗം- 3<br>ചെലവ് കണക്കുകളിൽ മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 13 | ഇൻഡസ്ട്രീയൽ എസ്റ്റേറ്റിന് സ്ഥലം വാങ്ങൽ-അപാകത | 3-1 |
| 14 | മരുന്ന്, മെഡിക്കൽ ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കിയില്ല | 3-2 |
| 15 | വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 3-3 |
| 16 | കെട്ടിടങ്ങൾ പ്രവർത്തനരഹിതമായികിടക്കുന്നു | 3-4 |
| 17 | മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് എസ്.സി.പി.ഫണ്ട്-ഫലപ്രദമായി വിനിയോഗിക്കുന്നില്ല | 3-5 |
| | ഭാഗം 4 | |
| | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 18 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 19 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 20 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 21 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 22 | സ്ഥിരനിക്ഷേപം | 4-5 |
| 23 | ഓഡിറ്റ് റിക്കവറി | 4-6 |
| 24 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 25 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-8 |

| | | |
|---|---|---|
| 26 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 27 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |
| 28 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം.1 |
| 29 | ബാലൻസ് ഷീറ്റ് | |
| 30 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 31 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം.2 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

25-3-17തീയതിയിലെ ഒന്നാംനമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-7-18 | 12-6-18 |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 05.10.18 -06.10.2018 | കെ എസ് എ-ഇ കെ എം(ബി പി)2051/18 തീയതി 11.10.2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 36015388 |
| വരവ് | 55177160 |
| ആകെ | 91192548 |

| | |
|---|---|
| ചെലവ് | 59421004 |
| നീക്കിയിരിപ്പ് | 31771544 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 25986520 | 25986520 | 22524519 | |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 12046843 | 12046843 | 9765878 | |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 263000 | 263000 | 263000 | |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 0 | 0 | |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 4896043 | 4896043 | 4088463 | |
| മിസ്ലേനിയസ് അക്കൗണ്ട്(3286) | 473536 | 492915 | 966451 | 481867 | 484584 |
| ട്രഷറി ടി എസ് ബി അക്കൗണ്ട് തനത് വരുമാനം | 6955635 | 3582000 | 10537635 | 3431521 | 7106114 |
| എസ് ബി ഐ(അക്കൗണ്ട് നം.1181) | 1875422 | 1991982 | 3867404 | 4566069 | (-)698665 |
| എസ് ബി ഐ(അക്കൗണ്ട് നം.0135) | 2642 | 10439 | 13081 | 13081 | 0 |
| യു ബി ഐ-ഐ എ വൈ(അഡ്മിനിസ്ട്രേഷൻ അക്കൗണ്ട് നം.2703) | 36711 | 1793 | 38504 | 21709 | 16195 |
| കാനറാ ബാങ്ക്(നിർമ്മൽ പുരസ്കാർ അക്കൗണ്ട് നം.9521) | 2476907 | 94801 | 2571708 | 75000 | 2496708 |
| ജില്ലാ സഹകരണ ബാങ്ക് (ലോൺ) | 14500 | 0 | 0 | 0 | 14500 |
| സ്പെഷ്യൽ ട്രഷറി അക്കൗണ്ട്(നബാർഡ്) | 3124323 | 3969088 | 7093411 | 556392 | 6537019 |
| എസ് ടി എസ് ബി(ജോയിന്റ് വെഞ്ചർ അക്കൗണ്ട് നം.1592) | 0 | 3074040 | 3074040 | 2864540 | 209500 |
| എസ് ബി ഐ(ഐ സി ഡി എസ്) | 1473583 | 54889 | 1528472 | 759795 | 768677 |
| എസ് ബി ഐ(ടി എസ് സി) | 754351 | 23440 | 777791 | 17088 | 760703 |
| യു ബി ഐ-ഐ എ വൈ(പ്ലാൻ) | 18797998 | 1795540 | 20593538 | 6520778 | 14072760 |
| യു ബി ഐ-ഐ എ വൈ(ആർ ടി ജി എസ്) | 25879 | 17652 | 43531 | 43504 | 27 |

| | | | | | |
|---|---|---|---|---|---|
| ഐ എ വൈ(സംസ്ഥാന വിഹിതം) | 3901 | 3113064 | 3116965 | 3113548 | 3417 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 91 | 83116451 | 63 | 38634768 | 28 | 0 | 69 |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20-2-19 ന് സ്ഥാപനത്തിലെ ഹെഡ് ക്ലാർക്കിന്റെ സാന്നിധ്യത്തിൽ നടത്തി. *അന്നേ* ദിവസംക്യാഷ് വരവ് ഉണ്ടായിരുന്നില്ല.

## 1-8 ആഭ്യന്തര നിയന്ത്രണം

1.ഓരോ വർഷവും സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അതിന്റെ യഥാർഥമൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രിസിയേഷൻ നല്കിയും ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

2) ഇൻക്യുമ്പൻസി രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്. എല്ലാ നിർവ്വഹണോദ്യോഗസ്ഥരുടേയും വിവരങ്ങൾ ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

3.വൗച്ചറുകൾ മാസാടിസ്ഥാനത്തിൽ ക്രമനമ്പരിട്ട് കൃത്യമായി സൂക്ഷിക്കുന്നില്ല. ഓരോ ചെലവുതുകകൾക്കും ആധാരമായ രേഖകൾ ഒന്നിച്ച് സൂക്ഷിക്കുന്നില്ല.

4.വാടകരജിസ്റ്ററിന്റെ സൂക്ഷിപ്പ് തൃപ്തികരമല്ല. കെട്ടിടനമ്പർ, വാടകവർദ്ധനവ്, വാടകകുടിശ്ശിക തുടങ്ങിയ വിവരങ്ങൾ രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുന്നില്ല.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| | തീയതി | | |
| പെർഫോമൻസ് ഓഡിറ്റ് | 30-5-18 | 2017-18 | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 1-3-14 | 2009-10 to 2012-13 | 21-5-14 |

## 1-10 വാർഷിക കണക്കുകളിലെ അപാകതകൾ

വാർഷിക കണക്കുകളിലെ അപാകതകൾ അനുബന്ധം 1ന്റെ ഭാഗമായി ചേർത്തിട്ടുണ്ട്.

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 അക്കൗണ്ടുകളുടെ പ്രതിമാസ റെക്കൺസിലിയേഷൻ നടത്തുന്നില്ല.

പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 അനുസരിച്ച് എല്ലാ അക്കൗണ്ടുകളുടേയും ബാങ്ക് ബുക്കും പാസ്സ് ബുക്കും തമ്മിൽ പൊരുത്തപ്പെടുത്തി പ്രതിമാസ റെക്കൺസിലിയേഷൻ അടുത്ത മാസം അഞ്ചാം തീയതിക്കുള്ളിൽ നടത്തേണ്ടതാണ്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ അപ്രകാരം ചെയ്യുന്നില്ല. 2018 മാർച്ച് മാസത്തിനുശേഷം റെക്കൺസിലിയേഷൻ നടത്തിയിട്ടില്ല. എല്ലാ അക്കൗണ്ടുകളുടേയും ബാങ്ക് ബുക്കും പാസ്സ് ബുക്കും തമ്മിൽ പൊരുത്തപ്പെടുത്തി പ്രതിമാസ റെക്കൺസിലിയേഷൻ നടത്തേണ്ടതാണ്.

## 2-2 വാടകസംബന്ധമായ രജിസ്റ്ററുകളും രേഖകളും കൃത്യമായി സൂക്ഷിക്കുന്നില്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിൽ അരയൻകാവ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, നടക്കാവ് എന്നിവിടങ്ങളിലുള്ള കെട്ടിടങ്ങൾ വാടകക്ക് നൽകിയിട്ടുണ്ട്. വാടകരജിസ്റ്ററിൽ വാടകക്ക് നൽകിയിട്ടുള്ള കെട്ടിടങ്ങൾ സംബന്ധമായ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നില്ല. ആകെയുള്ള കെട്ടിടമുറികൾ, കെട്ടിടനമ്പർ, പ്രതിമാസവാടക, വാടകവർദ്ധനവ് എന്നീ വിവരങ്ങൾ ചേർക്കുന്നില്ല. അനുവദനീയമായ സമയപരിധി കഴിഞ്ഞ് ഒടുക്കുന്ന വാടകയിൻമേൽ പിഴപ്പലിശ ഈടാക്കുന്നില്ല. വാടകരജിസ്റ്ററിൽ കെട്ടിടനമ്പർ ചേർക്കാത്തതിനാൽ ഒഴിവായി കിടക്കുന്ന കെട്ടിടം സംബന്ധിച്ച വിവരം വ്യക്തമല്ല. മേൽ പരാമർശം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല. വാടകസംബന്ധമായ രജിസ്റ്ററുകളും രേഖകളും കൃത്യമായി സൂക്ഷിക്കേണ്ടതാണ്.

## 2-3 കെട്ടിടവാടക – വാടക കൃത്യമായി ഒടുക്കുന്നില്ല

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള അരയൻകാവ്, നടക്കാവ് എന്നീ സ്ഥലങ്ങളിലുള്ള കെട്ടിടങ്ങളിൽ നിന്നും 2017-18 സാമ്പത്തികവർഷം വാടകക്കാർ വാടകകുടിശ്ശിക വരുത്തിയതായി കാണുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. അരയൻകാവ് ഇൻഡസ് ട്രിയൽ എസ്റ്റേറ്റ്

| ക്രമനമ്പർ | വാടകക്കാരന്റെ പേര് | പ്രതിമാസ വാടക(രൂ.) | കുടിശ്ശിക കാലയളവ് | വാടക കുടിശ്ശിക (രൂപ) |
|---|---|---|---|---|
| 1 | ലളിത വിജയൻ | 3480 | 8/17 – 3/18 | 27840/- |
| 2 | ബെൻസി ബിജു - 1 | 9062 | 11/17 – 3/18 | 45310/- |
| 3 | ബെൻസി ബിജു - 2 | 3894 | 11/17 – 3/18 | 19470/- |
| 4 | ബെൻസി ബിജു - 3 | 4650 | 1/18 – 3/18 | 13950/- |

2.നടക്കാവ്

| ക്രമനമ്പർ | വാടകക്കാരന്റെ പേര് | പ്രതിമാസ വാടക(രൂ.) | കുടിശ്ശിക കാലയളവ് | വാടക കുടിശ്ശിക (രൂപ) |
|---|---|---|---|---|
| 1 | മത്സ്യഫെഡ് | 505 | 12/17 – 3/18 | 2020/- |
| 2 | സാന്ത്വനം എസ് എച്ച് ജി | 1500 | 8/17 – 3/18 | 12000/- |

| | | | | |
|---|---|---|---|---|
| 3 | ഹസ്തകല എസ് എച്ച് ജി | 1500 | 11/17 – 3/18 | 7500/- |

മേൽ പരാമർശം സംബന്ധിച്ചുനൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.1/20.2.19) തൃപ്തികരമായ മറുപടി ലഭ്യമാക്കുകയുണ്ടായില്ല. വാടകകുടിശ്ശിക നിയമാനുസൃത പിഴപ്പലിശ സഹിതം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതും, കെട്ടിടവാടക നിശ്ചിത സമയപരിധിക്കുള്ളിൽ അടവാക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഇൻഡസ്ട്രീയൽ എസ്റ്റേറ്റിന് സ്ഥലം വാങ്ങൽ-അപാകത

പ്രോജക്ട് നം :34/18

(ഇൻഡസ്ട്രീയൽ എസ്റ്റേറ്റിന് സ്ഥലം വാങ്ങൽ)

ചെലവ് തുക : 3575000രൂപ

ബിൽ നം : 47/17-18,24-3-18

ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന് സ്ഥലം വാങ്ങുന്നതിനായി ക്ഷണിച്ച ക്വട്ടേഷനിൽ ടി പ്രോജക്ടിന് അനുയോജ്യമെന്ന് ബ്ലോക്ക് പഞ്ചായത്ത് നിയോഗിച്ച ഉപസമിതി കണ്ടെത്തിയതും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തതുമായ ശ്രീ ചാക്കോ യോഹന്നാൻ എന്ന വ്യക്തിയിൽ നിന്നും സെന്റിന് 65000രൂപ നിരക്കിൽ 117 സെന്റ് ഭൂമി ഇൻഡസ്ട്രീയൽ എസ്റ്റേറ്റിനായി വാങ്ങാൻ തീരുമാനിച്ചു(ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റിയുടെ 23-1-18ലെ 4 നമ്പർ തീരുമാനം). ആയത് അനുസരിച്ച് ശ്രീ ചാക്കോ യോഹന്നാൻ നിന്നും 50സെന്റ് ഭൂമി വാങ്ങി. (ഭൂമി വില സെന്റിന് 65000x50=3250000+സ്റ്റാമ്പ് ഡ്യൂട്ടി 260000+രജിസ്ട്രേഷൻ ചാർജ് 65000/-രൂപ) എന്നാൽ നാളിതുവരെ ടി ഭൂമിയുടെ കൈവശാവകാശ സർട്ടിഫിക്കറ്റ് ബ്ലോക്കിന് ലഭിച്ചിട്ടില്ല. കൂടാതെ പദ്ധതിക്കായി നാളിതുവരെ യാതൊരു പ്രവർത്തനവും ആരംഭിച്ചിട്ടില്ല. കൈവശാവകാശ സർട്ടിഫിക്കറ്റ് ലഭിച്ച വിവരം, പദ്ധതിയുടെ പുരോഗതി എന്നിവ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-2 മരുന്ന്, മെഡിക്കൽ ഉപകരണങ്ങൾ എന്നിവ

ലഭ്യമാക്കിയില്ല

മെഡിക്കൽ ഓഫീസർ -പൂത്തോട്ട സി.എച്ച്.സി,കിച്ചേരി സി.എച്ച്.സി എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥരായി നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളിലേക്ക് മരുന്ന്, മെഡിക്കൽ ഉപകരണങ്ങൾ എന്നിവ വിതരണം ചെയ്യാൻ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് 481589 രൂപ നൽകി (മരുന്ന്-400000രൂപ+മെഡിക്കൽ ഉപകരണങ്ങൾ-81589 രൂപ) യെങ്കിലും നാളിതു വരെ മെഡിക്കൽ ഉപകരണങ്ങൾ,മരുന്ന് എന്നിവ ലഭ്യമാക്കിയില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു

| പ്രോജക്ട് നം ,പേര്', നിർവ്വണ ഉദ്യോഗസ്ഥൻ | ഇനം | നല്കിയ തുക | ബിൽ നം |
|---|---|---|---|
| 4/18,കീച്ചേരി സി.എച്ച്.സിക്ക് മരുന്ന് വാങ്ങൽ, മെഡിക്കൽ ഓഫീസർ – കീച്ചേരി സി.എച്ച്.സി | മരുന്ന് | 200000 | 5/17-18,22-12-17 |
| 5/18,പൂത്തോട്ട സി.എച്ച്.സിക്ക് മരുന്ന് വാങ്ങൽ, മെഡിക്കൽ ഓഫീസർ – പൂത്തോട്ട സി.എച്ച്.സി | മരുന്ന് | 200000 | 3/17-18,22-12-17 |
| 48,/18,,കീച്ചേരി സി.എച്ച്.സിക്ക് ഉപകരണങ്ങൾ, ഫർണിച്ചർവാങ്ങൽ, മെഡിക്കൽ ഓഫീസർ – കീച്ചേരി സി.എച്ച്.സി | മെഡിക്കൽ ഉപകരണങ്ങൾ | 81589 | 10/17-18,23-2-18 |
| ആകെ | | | 481589 രൂപ |

മരുന്ന്, മെഡിക്കൽഉപകരണങ്ങൾ എന്നിവ ലഭ്യമാക്കാൻ യാതൊരു നടപടി സ്വീകരിക്കാത്തതിനാൽ ടി ഇനത്തിലുള്ള ചെലവ് (481589 രൂപ )

തടസ്സപ്പെടുത്തുന്നു.

## 3-3 വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

സെക്രട്ടറി നടപ്പാക്കിയ താഴെ പറയുന്ന പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കിയില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി നമ്പർ /പേര്, ,നിർവഹണഉദ്യോഗസ്ഥൻ | ചെലവഴിച്ച തുക, ബിൽനം നം | വിനിയോഗ സാക്ഷ്യപത്രം നൽകേണ്ടയാൾ |
|---|---|---|
| 92/18,ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിൽ അംഗൻവാടി കെട്ടിടം നിർമ്മിക്കാനായി സ്ഥലം വാങ്ങൽ വിഹിതം നല്കൽ | 423300രൂപ,20/17-18 /24-11-17 | സെക്രട്ടറി , ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത് |
| 93/18, മുളന്തുരുത്തിഗ്രാമപഞ്ചായത്തിൽ അംഗൻവാടി കെട്ടിടം നിർമ്മിക്കാനായി സ്ഥലം വാങ്ങൽ വിഹിതം നല്കൽ | 423300രൂപ,19/17-18 /24-11-17 | സെക്രട്ടറി , മുളന്തുരുത്തി ഗ്രാമപഞ്ചായത്ത് |
| 100/18, സംസ്ഥാന സാമൂഹ്യ സുരക്ഷാമിഷന് തുക നല്കൽ | 734872,31/17-18 /6-3-18 | എക്സിക്യൂട്ടീവ് ഡയറക്ടർ, സംസ്ഥാന സാമൂഹ്യ സുരക്ഷാമിഷൻ |
| 35/18, മണീട് വനിത പരിശീലനകേന്ദ്രം നിർമ്മാണം വിഹിതം നല്കൽ | 700000,14/17-18 /23-10-17 | സെക്രട്ടറി, എറണാകുളം ജില്ലാപഞ്ചായത്ത് |

| | | |
|---|---|---|
| 80/18,മുളന്തുരുത്തിഗ്രാമപഞ്ചായത്തിന് കളികളത്തിന് സ്ഥലം വാങ്ങൽ | 2000000,33/17-18 /9-3-18 | സെക്രട്ടറി ,മുളന്തുരുത്തി ഗ്രാമപഞ്ചായത്ത് |
| ആകെ | 4281472രൂപ, | |

പദ്ധതികൾ പൂർത്തിയാക്കിയതിന്റെ പൂർത്തീകരണ സാക്ഷ്യപത്രമോ കൈമാറിയ തുകയുള്ള വിനിയോഗ സാക്ഷ്യപത്രമോ ലഭ്യമാക്കാൻ നാളിതുവരെ നടപടി സ്വകരിക്കാത്തതിനാൽ 4281472രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 3-4 കെട്ടിടങ്ങൾ പ്രവർത്തനരഹിതമായികിടക്കുന്നു.

താഴെ പറയുന്ന പ്രോജക്ടുകൾ നടപ്പിലാക്കി കെട്ടിടം പണി പൂർത്തികരിച്ചിട്ടുണ്ടങ്കിലുംനാളിതുവരെ പ്രവർത്തനം തുടങ്ങിയിട്ടില്ല.വിശദ വിവരം ചുവടെ ചേർക്കുന്നു.

1.

| | |
|---|---|
| പ്രോജക്ട് നം. | Soo 68/18 |
| പ്രോജക്ടിന്റെ പേര് | എസ്.സി.വനിതാ തൊഴിൽ പരിശീലന കേന്ദ്രം അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ-മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തിൽ |
| അടങ്കൽ | 635237 |
| ചെലവ് | 633582 ,ബിൽ നം. 22/17-18/15-3-2018 |
| ഫണ്ടിനം | വികസന ഫണ്ട്,( എസ്.സി.പി) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

എസ്.സി.വനിതകൾക്ക് തൊഴിൽ പരിശീലനം നൽകുകയെന്നലക്ഷ്യത്തോടെ പ്രോജക്ട് നടപ്പിലാക്കി പണി പൂർത്തികരിച്ച ടി കെട്ടിടത്തിൽ നാളിതുവരെ ഇതിനായുള്ള പ്രവർത്തനങ്ങൾ ഒന്നും ആരംഭിച്ചിട്ടില്ല.

2.

| | |
|---|---|
| പ്രോജക്ട് നം. | 42/18 |
| പ്രോജക്ടിന്റെ പേര് | ഊരകം പകൽവീട് പുനരുദ്ധാരണം |
| അടങ്കൽ | 480482 |

| | |
|---|---|
| ചെലവ് | 341879,ബിൽ നം. 42/17-18/26-3-18 |
| ഫണ്ടിനം | വികസന ഫണ്ട്,( പൊതുവിഭാഗം) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

ഊരകം പകൽവീട് പ്രവർത്തനസജ്ജമാക്കിയിട്ടുണ്ടെങ്കിലുംഇതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല.
3.

| | |
|---|---|
| പ്രോജക്ട് നം. | S00 67/18 |
| പ്രോജക്ടിന്റെ പേര് | കുലയിറ്റിക്കര വനിതാ തൊഴിൽ പരിശീലന കേന്ദ്രം<br><br>പൂർത്തികരണം |
| അടങ്കൽ | 488269 |
| ചെലവ് | 215021 , ബിൽ നം.44/27.3.18 |
| ഫണ്ടിനം | വികസന ഫണ്ട്,( എസ്.സി.പി) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

വനിതകൾക്ക് വിവിധ തൊഴിലുകളിൽ പരിശീലനം നൽകുകയെന്ന ലക്ഷ്യത്തോടെ പ്രോജക്ട് നടപ്പിലാക്കി പണി പൂർത്തികരിച്ച ടി കെട്ടിടത്തിൽ നാളിതുവരെ ഇതിനായുള്ള പ്രവർത്തനങ്ങൾ ഒന്നും ആരംഭിച്ചിട്ടില്ല

4.

| | |
|---|---|
| പ്രോജക്ട് നം. | S00 64/18 |
| പ്രോജക്ടിന്റെ പേര് | തൊട്ടൂർ എസ്.സി.കോളനി കമ്മ്യൂണിറ്റി ഹാൾ പൂർത്തീകരണം |
| അടങ്കൽ | 440235 |
| ചെലവ് | 432260, ബിൽ നം. 26/17-18 /15.3.18 |
| ഫണ്ടിനം | വികസന ഫണ്ട്,( എസ്.സി.പി) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

എസ്.സി.കോളനി കമ്മ്യൂണിറ്റി ഹാൾ പണിപൂർത്തീകരണം നടത്തിയിട്ടുണ്ടെങ്കിലും പ്രവർത്തനം ആരംഭിച്ചിട്ടില്ല. ടി കെട്ടിടങ്ങൾ എത് പ്രവർത്തനത്തിനു വേണ്ടിയാണോ നിർമ്മിച്ചത് ആ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് എസ്.സി.പി.ഫണ്ട് ഫലപ്രദമായി വിനിയോഗിക്കുന്നില്ല

2017-18 വർഷത്തെ എസ്.സി.പി.ഫണ്ട് വിനിയോഗം താഴെ ചേർക്കുന്നു.

| | |
|---|---|
| അലോട്ട്മെന്റ് | 12046843 |
| ചെലവ് | 9765878 |
| ചെലവ് ശതമാനം | 81% |

1994 ലെ കേരള പഞ്ചായത്തി രാജ് ആക്ട് 172-ാം വകുപ്പ് 1ാം ഉപവകുപ്പ് നാലാം പട്ടിക പ്രകാരം പട്ടികജാതി പട്ടിക വർഗ്ഗ വികസനം സംബന്ധിച്ച ചുമതലകൾ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും, നിർവ്വഹണോദ്യോഗസ്ഥനായ എസ്.സി.ഡി.ഒ 2017-18 വർഷത്തിൽ ഒരു പ്രോജക്ട് പോലും നടപ്പിലാക്കിയിട്ടില്ല. SCP ഫണ്ട് 1,20,46,843 രൂപ അലോട്ട്മെന്റ് ലഭിച്ചിട്ടും ഒരു പ്രോജക്ട് പോലും നിർവ്വഹണം നടത്തിയിട്ടില്ല. ഇതിൽ 9765878/-രൂപ എ.എക്സ്.ഇ ആണ് ചെലവഴിച്ചത്. എസ്.സി.പി.ഫണ്ടിന്റെ ഭൂരിഭാഗവുംകോളനിസമഗ്രവികസനം,റോഡ് റീടാറിംഗ്,റോഡ് നവീകരണം, തുടങ്ങിയ പ്രവൃത്തികൾക്കാണ് ഉപയോഗിച്ചത്. ഈ പ്രോജക്ടുകൾ നിർവ്വഹണം നടത്തിയത് എ.എക്സ്.ഇ ആണ്. ബ്ലോക്ക് പഞ്ചായത്തിൽ 2959 പട്ടികജാതി കുടുംബങ്ങളും 730 പട്ടികവർഗ്ഗ കുടുംബങ്ങളുമുണ്ട്. (സ്റ്റാറ്റസ് റിപ്പോർട്ടുപ്രകാരം) ഇവരുടെ അടിസ്ഥാന സൗകര്യങ്ങൾ വളരെ കുറവാണ്. എന്നാൽ ഇതിനനുസൃതമായ പ്രോജക്ടുകൾ ആവിഷ്കരിക്കുകയോ,നടപ്പാക്കുകയോ ചെയ്തിട്ടില്ല. എസ്.സി.പി.ഫണ്ട് ഫലപ്രദമായി വിനിയോഗിക്കാനുതകുന്ന പദ്ധതികൾ ആവിഷ്കരിക്കാൻ ശ്രമിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം | തുക | ലഭിച്ച | പ്രൊജക്ടിന്റെ | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| നൽകിയ സ്ഥാപനം | ലഭിച്ച വർഷം | തുക | പേര് | | |
|---|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 2017-18 | 1255000 | PMAY | 1255000 | ഇല്ല |
| ജില്ലാ പഞ്ചായത്ത് | 2017-18 | 781500 | PMAY | 781500 | ഇല്ല |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൽ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ തുകയൊന്നും നല്കിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നല്കിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ.എ.വൈ ഭവന നിർമ്മാണം | നം.17774 /001/13 ത.സ്വ.ഭ.വ ജില്ലാ സഹകരണ ബാങ്ക്/014 /08313/ LN/794/643/ 26-4-13 | 3300000 | 1078000 | ഇല്ല | ഇല്ല | 1078000 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

. പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 | 3-15 | 2010-11 | 5.3.7(1) | സ്വന്തമല്ലാത്ത സ്ഥലത്ത് കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം- പദ്ധതിപ്പണം പാഴായി. | w(pc)31034/14 നമ്പറായി ഹൈക്കോടതിയിൽ കേസ് നിലനില്ക്കുന്നു. |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

**(എ)** ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

**(ബി)** സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 55177160 | 00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 59421004 | 00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല | |

| | | |
|---|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4763061 | 00 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി).പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരങ്ങൾ

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 200000 | ഡോ.സലീംകെ.ബി.മെഡിക്കൽഓഫീസർ പൂത്തോട്ട. |
| | 281589 | ഡോ. വിപിൻ മോഹൻ, മെഡിക്കൽ ഓഫീസർ, കീച്ചേരി |
| 3-3 | 4281472 | ശ്രീ. ഗൗതമൻ റ്റി സത്യപാൽ, സെക്രട്ടറി |
| ആകെ | 4763061 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.സലീം കെ.ബി മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ സി.എച്ച്. സി. പൂത്തോട്ട | സൗപർണിക വയലാർ പി.ഒ, ചേർത്തല. |
| ഡോ.വിപിൻ | മെഡിക്കൽ | ശ്രീവത്സം, |

| | | |
|---|---|---|
| മോഹൻ മെഡിക്കൽ ഓഫീസർ | ഓഫീസർ സി.എച്ച്. സി. കീച്ചേരി | കുലയറ്റിക്കര പി.ഒ.,കീച്ചേരി. |
| ശ്രീ. ഗൗതമൻ റ്റി സത്യപാൽ, സെക്രട്ടറി | സെക്രട്ടറി, മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് | നം.17/27,തച്ചാരുപറമ്പിൽ തൃപ്പൂണിത്തുറ. |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ്.ഇ.(ബിപി.2).1501/12/19.7.12/ 4.9.12 |
| 1998-99 | |
| 1999-2000 | |
| 2000-01 | |
| 2001-02 | |
| 2002-03 | |
| 2003-04 | |
| 2004-05 | |
| 2005-06 | |
| 2006-07 | |
| 2007-08 | |
| 2008-09 | |
| 2009-10 | എൽ.എഫ്.ഇ.(ബി.പി.2) 288/12/ 17.5.12 |
| 2010-11, | എൽ.എഫ്.ഇ.(ബി.പി.2) 1991/14/ 23.1.2015 |
| 2011-12 | എൽ.എഫ്.ഇ.(ബി.പി.2) 1992/14/ 23.1.2015 |
| 2012-13 | എൽ.എഫ്.ഇ.(ബി.പി.2) 1993/14/ 23.1.2015 |
| 2013-14 | എൽ.എഫ്.ഇ.(ബി.പി.2) 34/15/10.2.2015 |
| 2014-15& 2015-16 | കെ.എസ്.എ ഇ.കെ.എം.(ബി.പി)1578/2016/1.10.2016 |
| 2016-17 | കെ.എസ്.എ ഇ.കെ.എം.(ബി.പി)2035/2017/15.12.2017 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ

## അനുബന്ധം -1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മുളന്തുരുത്തി ബ്ലോക്ക്പഞ്ചായത്തിന്റെ 2017-18വർഷത്തെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ

### വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)ആസ്തികൾ അക്കൗണ്ട് ചെയ്ത് വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

2) RP-6-ൽ 350800101 ഹെഡിൽ 'Liability in respect of stale cheques' ൽ 17821/-രൂപ കാണിച്ചിട്ടുണ്ട്.

3) വാടക രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റ്,കളക്ഷൻ,ബാലൻസ് തുകകൾ AFS-ലെ കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

ജോയിന്റ് ഡയറക്ടർ